Santhigiri

# ഉണ്മനിതകം

VOL 05 | ISSUE 37 | 2019 സെപ്റ്റംബർ 15 | 1195 ചിങ്ങം 30

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

ഗുരുവാണി

"എന്തൊക്കെ വലിപ്പമുണ്ടായിട്ടും വിദ്യ, ധനം, പ്രബുദ്ധത എന്നിവയുടെ പിന്നാലെ മത്സരിച്ച് ഓടുകയാണ്. നമ്മൾ പരസ്പരം മനുഷ്യസ്നേഹം ഊട്ടിവളർത്താൻ ആരും പരിശ്രമിക്കുന്നില്ല, ആഗ്രഹിക്കുന്നില്ല."

## ശാന്തിഗിരിയിൽ സെപ്റ്റംബർ 20ന് പൂർണ കുംഭമേള

**സ്പിരിച്വൽ സോൺ:** ബ്രഹ്മനിശ്ചയത്തിന്റെ യുഗാന്തരങ്ങളായുള്ള ആഗ്രഹസഫലീകരണത്തിന്റെ പൂർത്തീകരണമായ പൂർണ കുംഭമേള സെപ്റ്റംബർ 20, 1195 കന്നി 4 വെള്ളിയാഴ്ച ശാന്തിഗിരി ആശ്രമത്തിൽ ഭക്ത്യാദരപൂർവ്വം ആഘോഷിക്കുന്നു. അന്ന് രാവിലെ 5 മണിക്ക് പ്രത്യേക പുഷ്പാഞ്ജലി, 6 മണിക്ക് ധ്വജാരോഹണം, 7 മണിക്ക് പർണശാലയിൽ പുഷ്പ സമർപ്പണം, 12 മണിക്ക് ആരാധന, ഗുരുപൂജ, ഗുരുദർശനം, വിവിധ സമർപ്പണങ്ങൾ എന്നിവ ഉണ്ടാകും. വൈകുന്നേരം നാലുമണിക്ക് കുംഭമേള ഘോഷയാത്ര ആശ്രമത്തിൽ സജ്ജീകരിക്കുന്ന യജ്ഞശാലയിൽ നിന്നും ആരംഭിച്ച് ആശ്രമസമുച്ചയം വലത് വച്ച് ഗുരുപാദങ്ങളിൽ സമർപ്പിക്കും.

തീരാവ്യാധികളിൽ നിന്നും മാറാത്ത കുടുംബദോഷങ്ങളിൽ നിന്നും പൂർവ്വജന്മപാപകൃതമായ കർമ്മദോഷങ്ങളിൽ നിന്നും മോചനത്തിനും ശാന്തിക്കും വേണ്ടി വ്രതനിഷ്ഠയോടെയാണ് കുംഭം എടുക്കേണ്ടത്. പന്ത്രണ്ട് കുംഭങ്ങൾ തുടർച്ചയായി എടുക്കാൻ കഴിഞ്ഞാൽ എല്ലാവിധ ജന്മാന്തരദോഷങ്ങളും മാറിപ്പോകും.

ആശ്രമം ജ്ഞാനത്തിന്റെ ഉറവിടവും വിനിമയകേന്ദ്രവുമാണ്. ഗുരു സർവാതിശായിയായ അനുഭവത്തിന്റെ സ്വരൂപവും സർഗസൃഷ്ടിയുടെ ആശ്രയവുമാണ്. വിമോചനാത്മകമായ ആശയത്തിന്റെ അമൃതം ആദ്യം പ്രകൃതിയിൽ വർഷിക്കപ്പെടുന്നത് ഗുരുവിലൂടെയാണ്. അത് കർമ്മസൃഷ്ടിയുടെ ആദ്യ പദാർത്ഥശാലയായി പ്രകൃതിയിൽ തുടിച്ചുനില്ക്കുന്നു. അതാണ് അനുഭവം പിഴിഞ്ഞെടുത്ത ഓരോരോ കർമ്മപഥങ്ങളായി ശാന്തിഗിരിയിലൂടെ പുറപ്പെടുന്നത്.

സർവ്വം ഈശ്വരമയം. ഇത് സാക്ഷാത്കാര തത്വം. സമസ്ത സൃഷ്ടികളിലും നിറഞ്ഞു നില്ക്കുന്ന ദൈവചൈതന്യം. സകലതിന്റെയും സത്തയായ ദൈവത്തിന്റെ പ്രതിരൂപം പ്രകൃതിയുടെ ശ്രുതിമധുരമായ സംഗീതത്തിൽ ലയിച്ചുനില്ക്കുന്നു. ഈ പാരസ്പര്യം പ്രത്യക്ഷമായി അനുഭവിക്കാൻ സാധിക്കുക എന്നതാണ് പരമമായ സാക്ഷാത്കാരം. ഈ സത്യസാക്ഷാത്കാരത്തിന്റെ മംഗളാഘോഷമാണ് ശാന്തിഗിരിയിലെ കുംഭമേള.

ശാന്തിഗിരിയിലെ കുംഭമേള ഫലശ്രുതിയോടൊപ്പം അതിമഹത്തായ ഒരു സന്ദേശവും മുന്നോട്ടുവയ്ക്കുന്നു. നിമിഷാർദ്ധത്തിലെ ചിരഞ്ജീവിയായ മനുഷ്യൻ തകർന്നുപോകുന്ന ഒരു മൺകുടം പോലെയാണ്. ശ്രദ്ധ വിട്ടാൽ മൺകുടം താഴെ വീണുടഞ്ഞു പോകുന്നതു പോലെ ജീവിതത്തിലെ ഒരു പിഴവ് പരിഹരിക്കാനാവാത്ത തെറ്റിലേക്ക് വീഴ്ത്തും. സദ്വാസനകളുടെ പ്രതീകമായി മൺകുടത്തിൽ നിറയ്ക്കുന്ന വാസനദ്രവ്യങ്ങളും ഔഷധികളും, വ്രതാനുഷ്ഠാനങ്ങളുമെല്ലാം ജീവിതത്തിൽ പുലർത്തപ്പെടേണ്ട കരുതലും നിശ്ചയദാർഢ്യവുമാണ്.

കുംഭമേള വ്രതനിഷ്ഠമായ ഒരു വിശ്വമഹോത്സവമായി ജാതിമതവർഗദേശഭേദമില്ലാതെ കല്പാന്തംവരെ ആഘോഷിക്കപ്പെടും എന്നത് ബ്രഹ്മനിശ്ചയത്തിന്റെ അനുഗ്രഹമാണ്.



പുതിയ കേരളാഗവർണർ ആരിഫ് മുഹമ്മദ്ഖാനെ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുമോദിക്കുന്നു

## ഓഫീസ് ചുമതലകൾ പുനക്രമീകരിച്ചു

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം ഡയറക്ടർ ബോർഡ് പുന:സംഘടനയെ തുടർന്ന് ഓർഗനൈസിംഗ് സെക്രട്ടറിയുടെയും ജോയിന്റ് സെക്രട്ടറിയുടെയും ഓഫീസിലെ ഡിവിഷനുകൾ പുനക്രമീകരിച്ചു. ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിൽ ഇനി മുതൽ അഡ്മിനിസ്ട്രേഷൻ, സ്ട്രാറ്റജിക് മാനേജ്മെന്റ്, ഇന്റർനാഷണൽ ഓപ്പറേഷൻസ്, ആശ്രമം ബ്രാഞ്ചസ് കോർഡിനേഷൻ, സിവിൽ പ്രൊജക്ട്സ് മോണിട്ടറിംഗ്, ക്യാഷ് ആന്റ് ബാങ്കിംഗ്, ഫിനാൻസ് മോണിട്ടറിംഗ് സെൽ, ശാന്തിഗിരി എൻ.എൻ. കമ്യൂണിക്കേഷൻസ്, ശാന്തിഗിരി ഇൻഫർമേഷൻ ടെക്നോളജി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിൽ അഡ്മിനിസ്ട്രേഷൻ, പബ്ലിക് റിലേഷൻസ്, മീഡിയ റിലേഷൻസ്, ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ, ഇവന്റ്സ് ആൻഡ് സെലിബ്രേഷൻസ്, പ്രോജക്ട്സ് എന്നീ ഡിവിഷനുകൾ ഉണ്ടാകും. ടെക്നിക്കൽ അഡ്വൈസറി സെൽ ജനറൽ സെക്രട്ടറിയുടെ ഓഫീസിലേക്ക് മാറ്റിയിട്ടുണ്ട്.



ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവയുടെ നേതൃത്വത്തിൽ സ്വീകരണം നൽകിയപ്പോൾ

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് ബിഷപ്പ് ഹൗസിൽ സ്വീകരണം

**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ പട്ടം ആർച്ച് ബിഷപ്പ് ഹൗസിൽ സ്വീകരണം നൽകി. എല്ലാ മതങ്ങളുടേയും ആത്മീയ ധാരകളോട് ചേർന്ന് നിൽക്കാൻ സ്വാമിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ബാവ പറഞ്ഞു. മെഴുകിൽ തീർത്ത മാതാവിന്റെ പ്രതിമ ഉപഹാരമായി സ്വാമിക്കു നൽകി. മതസൗഹാർദ്ദവും മാനവികതയും കൂടുതൽ ദൃഢമാക്കാൻ സമാന ചിന്താഗതിക്കാരുമായി ചേർന്നു പ്രവർത്തിക്കുമെന്ന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മറുപടി പ്രസംഗത്തിൽ പറഞ്ഞു.

സ്വാമി വത്സലൻ ജ്ഞാനതപസ്വി, ഫാ. തോമസ് കായലക്കൽ, ഫാ. ജോൺസൺ കാക്കനാട്, ഫാ. തോമസ് മുകലുംപുറത്ത്, ജിജി തോംസൺ, ജോൺ മുണ്ടക്കയം,മോൺ. മാത്യു മനക്കരക്കാവിൽ, ആർ രഘുചന്ദ്രൻ നായർ, അരുൾ ബി കൃഷ്ണ, ടോണി ഫെർണാണ്ടസ്, എബ്രഹാം തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



Call: 94477 77933, 94477 77822
AN INTERNATIONAL BUILDER IN TRIVANDRUM

# ഗുരുവാണി

ശാന്തിഗിരിയിൽ ഗുരുപൂജയെന്ന പേരിൽ ചെയ്യുന്നത് പിതൃദോഷങ്ങളെയാകെ മാറ്റി ഈശ്വരങ്കൽ ലയിപ്പിക്കുന്ന കർമമാണ്. ഇന്നുവരെ ഇത്തരമൊരു ഗുരുപൂജ ആരും തന്നെ ചെയ്തിട്ടില്ല. മുസ്ലീങ്ങൾ 'റാത്തീബ്' എന്നപേരിലും ക്രിസ്ത്യാനികൾ 'അനത ചൊല്ലിക്കുക' എന്ന പേരിലും ഈ കർമം ചെയ്യുന്നുണ്ട്. ഹിന്ദുക്കൾ ഈ വശത്തു ചെയ്യുന്നത് പിതൃബലിയാണ്. ശ്രീബുദ്ധൻ ഇതിനു വേണ്ടി എന്തു ചെയ്തുവെന്ന് വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ശ്രീശങ്കരാചാര്യരും ശ്രീനാരായണഗുരുവും ചെയ്തത് ഹിന്ദുക്കളുടെ മാതൃകയിലുള്ള കർമമാണ്. പക്ഷേ സ്വർഗത്തിനപ്പുറത്തുള്ള പിശാചിനെ പിടിക്കുന്ന വിധം പിതൃശുദ്ധി ചെയ്യാൻ ആർക്കും കഴിഞ്ഞിട്ടില്ല.

സ്വർഗത്തിനപ്പുറത്ത് പിശാചുണ്ട് എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഇത് വളരെ വലിയൊരു വിഷയമാണ്. യോഗഭ്രഷ്ടന്മാർ എന്നറിയപ്പെടുന്ന ഒരു വിഭാഗമുണ്ട്. തപസ്സു ചെയ്തു ശക്തി പ്രാപിച്ചു മാറി നിൽക്കുന്നവർ. ഇവരാണു ലോകത്തെ ഉപദ്രവിക്കുന്നവർ. ഇവരെ ഒരുപാധിയിലൂടെയും ഇന്നുവരെ ആർക്കും കാണാൻ കഴിഞ്ഞിട്ടില്ല. ചെകുത്താനും ദൈവത്തിനും ഇടയ്ക്കാണിവരുടെ സ്ഥാനം. ഇവർ ഹംസയോഗം ശീലിച്ച്, ശരീരത്തിലുള്ള വായു ശക്തിപ്പെടുത്തി, പറക്കുന്ന സ്വഭാവം വശപ്പെടുത്തിയിട്ടുള്ളവരാണ്. അതിനാൽ ഇവരെക്കടന്ന് ബ്രഹ്മലോകത്തെത്താൻ ആർക്കും സാധ്യമല്ല.

ഈ യോഗഭ്രഷ്ടന്മാർ ബ്രഹ്മാവിനെപ്പോലും ജയിച്ചവരാണ്. ബ്രഹ്മലോകത്തേക്കു കയറിച്ചെല്ലാൻ ശ്രമിക്കുന്ന ആരെയും ഇവർ ഉപദ്രവിക്കും.

ഗന്ധർവൻ ഇത്തരമൊരു യോഗഭ്രഷ്ടനാണ്. ശ്രീരാമന് ഇവനെ ജയിക്കാൻ കഴിഞ്ഞില്ല. കലിയുഗത്തു വരുന്ന ഒരു ഗുരു നിന്നെ സംഹരിക്കും എന്നു പറഞ്ഞ് ശ്രീരാമനു പിന്മാറേണ്ടി വന്നത് ചരിത്രസത്യമാണല്ലോ. യേശുദേവനെ കൊലയ്ക്കു കൊടുത്തത് ഇവനാണ്. നബിതിരുമേനിയാകട്ടെ, ഇവനെ നോക്കിക്കൊണ്ട് നിലവിളിച്ചു കൊണ്ടു പറഞ്ഞു, 'അഹോ! ജിന്നുക്കളാണ് ഉലകം ഭരിക്കുന്നത്' എന്ന്. ഇവൻ ഒരു ശരീരത്തിൽ വന്നാൽപ്പോലും തിരിച്ചറിയാൻ ഇതുവരെയാർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ ഈ ഗന്ധർവന്റെ ചരിത്രം നമുക്കിവിടെ വ്യക്തമായി അറിയാം. ഇവിടെ നടക്കുന്ന എല്ലാ കർമങ്ങളും ബുദ്ധിക്കും ചിന്തയ്ക്കും അതീതമാണ്. അതായത് ഈശ്വരനിശ്ചയം എന്തോ അത്, ആ മഹച്ഛക്തിയുടെ ഇച്ഛയ്ക്കൊത്ത വണ്ണം നടക്കുന്നു. ഇവിടെ നടക്കുന്നതെല്ലാം വർഷങ്ങൾക്കു മുമ്പ് ഇവിടെ അശരീരിയായി കിട്ടിയിട്ടുള്ളതാണ്. ഇത് ആ മഹച്ഛക്തിയുടെ മഹിമ എന്നേ പറയാനാവൂ. ഈ ലോകത്ത് സംഭവിക്കുന്നതെല്ലാം ആ സങ്കൽപത്തിലുള്ളതാണ്. എന്തും ആ ഇച്ഛയ്ക്കൊത്ത വണ്ണം മാത്രമേ നടക്കൂ.

ഈശ്വരനിൽ നിന്നും വാക്കു കിട്ടുമെന്നു മോശ പറഞ്ഞപ്പോൾ ജനങ്ങൾ എതിർത്തു. അതേ ആശയം കൊടുത്തു തന്നെ, യാതൊരു യോഗ്യതയും അന്തസ്സും ജന്മം കൊണ്ടു പറയാനില്ലാത്ത യേശുദേവനെ രണ്ടായിരം വർഷങ്ങൾക്കു ശേഷം ജനിപ്പിച്ച്, മാർഗദർശിയായി, ഈശ്വരൻ ലോകത്തിനു കൊടുത്തു. ശ്രീബുദ്ധനെയും നബിതിരുമേനിയെയും ദൈവം അങ്ങനെതന്നെ ജനിപ്പിച്ചു. പക്ഷേ ലോകം സ്വീകരിച്ചില്ല. അതിനു ശേഷവും ദൈവനിശ്ചയപ്രകാരം വന്ന ആരെയും ലോകം സ്വീകരിച്ചില്ല. ഫലമോ? വൈദികത്തിനു സ്ഥാനം കൊടുത്ത്, ജാതിവർഗഭേദങ്ങൾ വന്ന് ആകെ നശിച്ചു. ലോകമനുഷ്യസമൂഹത്തിന്റെ ഏറ്റവും വലിയ ദുരന്തത്തിനു കാരണം ഇതാണ്.

ഇരുപത്തിയഞ്ചു ചതുർയുഗങ്ങളായി ഈ മഹാദോഷം മനുഷ്യരാശിയെ പിൻ തുടരുന്നു. മനുഷ്യരാശിയെ ഈ ദോഷത്തിൽ നിന്നും വിമുക്തമാക്കാൻ ഈ കലിയിങ്കൽത്തന്നെ രണ്ടായിരത്തി നാനൂറ്റിനാൽപത്തിനാല് ഗുരുക്കന്മാരെ ജനിപ്പിച്ചു. ഈ ഗുരുക്കന്മാർക്കെല്ലാം അനുഭവപരമായി ഒരു വിശേഷവിധിയുണ്ടായിരുന്നു. ക്രിസ്ത്യാനികൾ 'തീനാക്ക്' എന്നു പറയുന്നതും മുസ്ലീങ്ങൾ 'നൂർഹാൻ' എന്നു പറയുന്നതും ഈ വിശേഷവിധിയെയാണ്. ഹിന്ദുക്കൾ ഇതിനെ 'അശരീരി', 'ദർശനം', 'പ്രകാശം' എന്നിങ്ങനെ പറയുന്നു. ഇതു തന്നെയാണ് സാമാന്യേന നമുക്കുള്ള വിശേഷവിധിയെങ്കിലും നമ്മുടേത് മറ്റൊരു സവിശേഷത കൂടി ചേർന്നു വന്നതാണ്. എന്തു ചോദിച്ചാലും നമുക്ക് ഈശ്വരിങ്കൽ നിന്ന് മറുപടി ലഭിക്കും.

## വചനദീപ്തി

*മറ്റുള്ളവരെ കാണിക്കാൻ വേണ്ടി മാത്രം ശുചിത്വം കാണിച്ചാൽ പോരാ. വീട്ടിലും ശുചിത്വം വേണം. അടുക്കളയിൽ നിന്നും തുടങ്ങണം.*

**ശ്രീനാരായണ ഗുരു**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

20.09.2019 – **ജനസേവികപുരം** 21.09.2019 – **പോത്തൻകോട്**

## യാമപ്രാർത്ഥന

2019 സെപ്റ്റംബർ 9 : 9 PM - 12 AM

**പ്രകാശപഥം**

# ആശ്രമ ജീവിതം

നിങ്ങൾ അറിഞ്ഞും കേട്ടും വച്ചിരിക്കുന്ന ചില ആശ്രമസ്വഭാവങ്ങളുണ്ട്. കാരണം, നമ്മുടെ പരിചയത്തിൽ ആശ്രമം എന്തെന്നോ അല്ലെങ്കിൽ ഒരു ഭക്തിയുടെ യഥാർത്ഥസ്വഭാവം എന്തെന്നോ നമ്മൾ വാസനകൊണ്ട് പരിചയിച്ചറിഞ്ഞിട്ടില്ല. പിന്നെ നാം ബുദ്ധികൊണ്ട് അറിയാത്ത ഒരു കാര്യത്തെ എങ്ങനെയാണ് നമ്മുടെ ത്യാഗം കൊണ്ട് എടുക്കുന്നത്. ഇപ്പോൾ പുതിയതായിട്ട് ഒരാൾ അല്ലെങ്കിൽ ആദ്യമായിട്ട് ആശ്രമത്തിലേക്ക് കടന്നുവരുന്ന ഒരുവൻ അവന്റെ വാസനാമയമായിരിക്കുന്ന ജീവനിലിരിക്കുന്ന പുണ്യാർജ്ജിതമായ ഭാഗ്യംകൊണ്ടാണ് എല്ലാറ്റിന്റേയുമായിരിക്കുന്ന ഒരു ആശ്രമപരിചയം അവന് വരുന്നത്. അതല്ല വേറൊരുത്തൻ വരികയാണെങ്കിൽ നിന്ദ്യവും വേറൊരു സ്വഭാവത്തിൽ ആശ്രമത്തെ പുച്ഛിച്ചുതള്ളുന്ന സ്വഭാവം വരും. അതല്ല, കുറച്ചുനാൾ ഇവിടെനിന്ന് കർമ്മമൊക്കെ ചെയ്തുകഴിഞ്ഞ് കുറച്ച് അവർക്ക് ഇഷ്ടപ്പെടുന്ന വേലയൊക്കെ ചെയ്തുകഴിഞ്ഞാൽ അവർക്ക് ഇഷ്ടപ്പെടാത്ത കാര്യം ആരെങ്കിലും ഒന്ന് പറഞ്ഞാൽ ഈ സർവ്വതും നശിച്ചുപോകുന്ന രീതിയിൽ അവൻ ചെയ്തതുമില്ല, ഇനി ചെയ്യാനിരിക്കുന്ന കാര്യത്തിലേക്കുമില്ലാതെ അവന്റെ കർമഗതി നീങ്ങിപ്പോയിട്ട് ദുഷിച്ച വാസനയുടെ ഉടമയായിത്തീരുകയും ദൈവകാരുണ്യം നഷ്ടപ്പെടുന്ന കപടവിദ്യയിലേക്ക് ഈ മനസ് സഞ്ചരിക്കുകയും, കാപട്യങ്ങളെക്കൊണ്ട് നിറയുകയും ചെയ്യും.

ഒരാശ്രമത്തിൽ വരുമ്പോൾ നമ്മൾ സൂക്ഷിക്കണം, എങ്ങനെ? നമ്മൾ തീയെക്കാൾ സൂക്ഷിക്കണം എന്നാണ്. അപ്പോൾ ഈ തീ എന്നു പറഞ്ഞാൽ ത്യാഗത്തിന്റെ പ്രതീകമായിരിക്കുന്ന ഒരു കാര്യമാണ്. ഒരു അവസ്ഥാന്തരമാണ്. ഈ തീ ഒരു മനുഷ്യശരീരത്തിലേക്കിടുമ്പോൾ അത് അവന്റെ ശരീരത്തിലേക്ക് കയറുന്ന ഭാഗം എങ്ങനെയായിരിക്കും? അപ്പോൾ പച്ചമാംസം വേവുന്ന പോലെയാണ് അതിന്റെ ആ കഠോരമായ രീതികൾ.

വാസനയില്ലാത്ത ഒരുവന് ആശ്രമജീവിതം സുഖമല്ല. പിന്നെ അവന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് മുന്നിൽ നിന്ന് പ്രവർത്തിച്ചില്ലെങ്കിൽ അതും ഒരു പ്രശ്നമാണ്. ഇങ്ങനെ വിവിധയിനങ്ങളെക്കൊണ്ട് വിലയിരുത്തുന്ന ആശ്രമസ്വഭാവങ്ങളുണ്ട്. മറിച്ച്, നാം വേറൊരു ആശ്രമത്തിൽ ചെല്ലുമ്പോൾ അവിടെ ഭക്തിയെന്നു പറയുന്ന സ്വഭാവത്തിൽ ഏതെങ്കിലും ഒരു ദേവനേയോ ദേവിയേയോ പൂജിച്ചുപോകുന്നയിടം. അല്ലെങ്കിൽ യോഗാഭ്യാസമുറ പഠിച്ചിട്ട് ഞാൻ യോഗിയാണെന്നും കർമിയാണെന്നും ഭക്തനാണെന്നും പറയുന്ന ഗുണവിശേഷത്തിൽ ജീവിക്കണമെന്ന് അവനൊരു വൈരാഗ്യം വരും. അങ്ങനെ വന്നിട്ട് ഈ യോഗിയാണെങ്കിൽ അവൻ കുറച്ചൊക്കെ ചെയ്ത് ഈ യോഗാഭ്യാസങ്ങളും ആസനമുറകളും പഠിച്ചതിനുശേഷം അവന് ഈ ജീവന് പുണ്യമില്ലെങ്കിൽ അവൻ അപകടവിദ്യയിലേക്ക് പോയിട്ട്, അങ്ങനെയും വരും.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# സത്യദർശനത്തിന്റെ പ്രകാശ മാർഗം

കഴിഞ്ഞ നൂറ് യുഗങ്ങളായി ആത്മീയ രംഗത്ത് നിലനിന്ന വൈകല്യങ്ങളുടെ മൂലകാരണം ഈ മന്വന്തരത്തിലെ മൂന്നാമതു ചതുർയുഗത്തിൽ മനുപരമ്പരയിലെ ഒരു ആചാര്യന് സംഭവിച്ചുപോയ തെറ്റായിരുന്നു എന്ന് നമുക്ക് അറിയാവുന്നതാണല്ലോ. ആ തെറ്റിന്റെ തിരുത്തും വൈകല്യങ്ങൾക്ക് കാരണമായി നിലനിന്ന കർമ്മഗതികളുടെ നിവാരണവും അതേത്തുടർന്ന് തന്നെ ശരിയായ യുഗധർമ്മ സംസ്ഥാപനവും ഗുരുവിന്റെ മുഖ്യധർമങ്ങളിൽ പെടുന്നതാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കാലങ്ങളായി ആരാധനാരംഗത്തും ആചാരാനുഷ്ഠാന രംഗങ്ങളിലും വിശ്വാസ രീതികളിലും മനുഷ്യരാശിക്കു സംഭവിച്ചുപോയ ഭീമമായ വൈകല്യങ്ങളെ കണ്ടെത്തുകയും തിരുത്തുകയും ചെയ്യുക എന്നത് ഏറ്റവും ആവശ്യമായി വരുന്നു. വിശ്വാസരംഗത്ത് സംഭവിച്ച അപഭ്രംശങ്ങളിൽ നിന്നും അനാചാരങ്ങളും ദുരാചാരങ്ങളും ഉടലെടുത്തു എന്നു മനസ്സിലാക്കുമ്പോൾ തന്നെ അടിസ്ഥാനപരമായി തെറ്റിപ്പോയ ചിന്താധാരകളെ സതിഷ്ക്കർഷം പരിശോധിച്ച് തിരുത്തേണ്ടതും ആവശ്യമായിരിക്കുന്നു.

ത്രിമൂർത്തി സമ്പ്രദായവും ദേവ സമ്പ്രദായവും ദൈവ സങ്കല്പത്തിനും സമശീർഷമാണെന്നും അഭേദമാണെന്നും ഉള്ള കർമപാപസങ്കുലമായ സങ്കല്പങ്ങൾ നിലവിൽവന്നു. പണ്ഡിതന്മാരുടെ വ്യാഖ്യാന വ്യായാമങ്ങൾ ഈ വിശ്വാസവൈകല്യങ്ങളെ അരക്കിട്ടുറപ്പിക്കുക മാത്രമല്ല തദനുസാരമായ പുരാണേതിഹാസങ്ങളുടെ സൃഷ്ടിക്കും കാരണമായി. അഴുക്കുചാലിൽ കുളിച്ചാലും ഗംഗാസ്നാനത്തിനു തുല്യം എന്ന് വാദിക്കുന്നവർ, എല്ലാ നദികളും സമുദ്രത്തിലേക്കല്ലേ ഒഴുകുന്നത് എന്ന ഒരു ന്യായവും കണ്ടെത്താൻ പണ്ഡിതന്മാർക്ക് ബുദ്ധിമുട്ടുണ്ടായില്ല. "സർവ്വ ദേവനമസ്കാരം കേശവം പ്രതിഗച്ഛതി" എന്നു പറഞ്ഞു വച്ചു. മേൽപ്പറഞ്ഞ നിയമങ്ങൾ ശ്രീകൃഷ്ണ പരമാത്മാവ് ഭഗവദ്ഗീതയിൽ പറഞ്ഞു തന്നിട്ടുള്ള സത്യവസ്തുതകൾക്ക് കടക വിരുദ്ധമാണ് എന്ന് കാണാൻ പ്രയാസമില്ല. ദേവനെ ആരാധിച്ചാൽ ദേവന്റെ കീഴിലും പിതൃക്കളെ ആരാധിച്ചാൽ പിതൃക്കളുടെ കീഴിലും ഭൂതങ്ങളെയാണ് ആരാധിക്കുന്നതെങ്കിൽ അവയുടെ കീഴിലും ആണ് മരണശേഷം ജീവൻ ചെന്നുപെടുക എന്ന് അസന്ദിഗ്ധമായി ഗീതയിൽ വെളിപ്പെടുത്തിയിട്ടുണ്ട്. 'എന്നെ ആരാധിക്കുന്നവർ എന്നിലെത്തും' എന്നു ഗീതയിൽ തുടർന്നു പറയുന്നതാകട്ടെ ഗുരുസ്വരൂപ പ്രാപ്തിയെക്കുറിച്ചാണ്. ദൈവമാർഗ്ഗം ഗുരുമാർഗ്ഗം തന്നെയെന്ന് ആധികാരികമായി പ്രസ്താവിക്കുകയാണ്.

സത്യം ഇതായിരിക്കെ എന്തിനെ ഭജിച്ചാലും ദൈവത്തിൽ എത്തും എന്ന് വ്യാഖ്യാനിച്ചു പഠിപ്പിച്ചു ജനങ്ങളെ ചിന്താജാഡ്യത്തിലെത്തിച്ച കർമ്മ ദോഷമാണ് ലോകത്തിന്റെ ദുരിതാനുഭവങ്ങൾക്കെല്ലാം കാരണം. മനുഷ്യന്റെ വ്യക്തി ഭാവനയിൽ പറ്റിപ്പിടിച്ചുപോയ സ്വത്വമാലിന്യങ്ങൾ അവന്റെ വിചാരങ്ങളെയും അഭിപ്രായങ്ങളെയും രൂപപ്പെടുത്തുമ്പോൾ അവയിൽ പ്രതിഫലിക്കാതിരിക്കില്ല. കളങ്കമറ്റ മനസ്സിന്റെയും ബുദ്ധിയുടെയും പ്രവർത്തനം ഉറപ്പാക്കുമ്പോൾ മാത്രമേ സത്യദർശനത്തിനുള്ള സജ്ജീകരണം വ്യക്തി സത്തയിൽ സംഭവിക്കുകയുള്ളൂ. തിരക്കഥാരചനയുടെ ലാഘവത്വത്തോടെ മനുഷ്യന്റെ ആത്മീയസത്തയെ ആഖ്യാന പുനരാഖ്യാനങ്ങൾക്കു വിധേയമാക്കിയ പുരാണകർത്താക്കളും വ്യാഖ്യാതാക്കളും അറിഞ്ഞോ അറിയാതെയോ ചെയ്തുപോയതു തെളിഞ്ഞ ചിന്താധാരകൾക്കും സങ്കൽപ്പങ്ങൾക്കും തടസ്സം സൃഷ്ടിക്കലാണ്. സത്യദർശനത്തിന്റെ പ്രകാശമാർഗത്തിൽ ഇതൊക്കെ വിലയിരുത്തിക്കാണാനും തിരുത്താനും കഴിയണം; അപ്പോൾ മാത്രമേ മനുഷ്യന്റെ യുഗാന്തരവ്യാപിയായ ആഗ്രഹവും ജീവന്റെ അവകാശവും അസത്യബന്ധമില്ലാതെ നേടാവുന്ന മാർഗം തെളിയുകയുള്ളൂ.



*ആനന്ദപുരം യൂണിറ്റിൽ ഹെർമ്മൻ നെന്നിങ് – അജിത ഹെർമ്മൻ ദമ്പതിമാർ നിർമ്മിക്കുന്ന വീടിന്റെ ശിലാസ്ഥാപനകർമ്മം സെപ്റ്റംബർ 12ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു*



*കാഞ്ഞാംപാറ യൂണിറ്റിൽ വിജയകുമാർ വി – പ്രമീളകുമാരി പി ദമ്പതിമാർ നിർമ്മിക്കുന്ന ‘ശാന്തിദീപം’ ഭവനത്തിന്റെ ഗൃഹപ്രവേശനകർമ്മം സെപ്റ്റംബർ 1ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു*



*അമൃത ചാനലിലെ ‘ശ്രേഷ്ഠ ഭാരതം’ പരിപാടിയിൽ പങ്കെടുക്കുന്ന ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനികൾ*



*ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന രക്തദാന ക്യാമ്പ്*

# ശാന്തിഗിരിയിൽ ഫിസിയോ തെറാപ്പി ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു

**സ്പിരിചൽ സോൺ:** ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ ഫിസിയോ തെറാപ്പി ആൻഡ് റീഹാബിലിറ്റേഷൻ ഇൻ മോഡേൺ ഡേയ്സ് എന്ന വിഷയത്തിൽ ബോധവത്ക്കരണ ക്ലാസ് നടന്നു. സ്വാമി മധുശ്രീ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എ. വാസുകി ദേവി ഉദ്ഘാടനം ചെയ്തു.

സ്പിരിചൽ സോൺ കോൺഫറൻസ് ഹാളിൽ നടന്ന പരിപാടിയിൽ ആയുർവേദ, സിദ്ധ ചികിത്സകളിൽ ഫിസിയോ തെറാപ്പിയുടെ സാധ്യതകളെ പരിചയപ്പെടുത്തി. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ സീനിയർ ക്ലിനിക്കൽ ഫിസിയോ തെറാപ്പിസ്റ്റ് എസ് സുജിത് കുമാറിന്റെ നേതൃത്വത്തിലാണ് ക്ലാസ് സംഘടിപ്പിച്ചത്. ഡോ. ബി. രാജ്കുമാർ ഡോ. ഗുരുകൃപൻ.വി., എസ്. ജി. രാജീവ് തുടങ്ങിയവർ സംസാരിച്ചു. ഡോക്ടർമാർ, ജീവനക്കാർ, വിദ്യാർത്ഥികൾ ഉൾപ്പടെ നൂറോളം പേർ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തു.




*ബോധവത്ക്കരണ ക്ലാസ് ഡോ.എ. വാസുകി ദേവി ഉദ്ഘാടനം ചെയ്യുന്നു*

# വീൽ ചെയർ വിതരണം ചെയ്തു

**നെടുമങ്ങാട് :** ശാന്തിഗിരി ആശ്രമം നെടുമങ്ങാട് ഏരിയയുടെയും ജിൻഗോ ലയൺസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ നെടുമങ്ങാട് ഗവ. ഹോസ്പിറ്റലിൽ വീൽചെയർ വിതരണം ചെയ്തു.

സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, വി. ഗോപിനാഥ പിള്ള, എസ് സുഗതൻ, വി. എസ് സജികുമാർ, കോലപ്പറാം, എസ് സന്തോഷ് കുമാർ, കൃഷ്ണകുമാർ, സുന്ദർറാം, ക്ലബ്ബ് ഭാരവാഹികളായ ശുഭ ഉണ്ണികൃഷ്ണൻ, നിർമ്മല എൽ തുടങ്ങിയവർ പങ്കെടുത്തു. ഹോസ്പിറ്റൽ സൂപ്രണ്ട് ഡോ. നജീബ് വീൽചെയർ ഏറ്റുവാങ്ങി. പാലോട് ഗവ. എൽ.പി സ്കൂളിൽ ഓണക്കോടിയും വിതരണം ചെയ്തു.




*നെടുമങ്ങാട് ഗവ. ഹോസ്പിറ്റലിൽ നടന്ന വീൽചെയർ വിതരണം*

# ബിന്ദു നന്ദനക്ക് പുരസ്കാരം

**എജ്യുക്കേഷൻ സോൺ:** സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിവിരുദ്ധ പ്രഭാഷണ പരമ്പരയിലൂടെ ലിംക ബുക്ക് ഓഫ് റിക്കോർഡിൽ ഇടം നേടിയ സംസ്ഥാന മദ്യവർജന സമിതിയുടെ ഈ വർഷത്തെ ‘ദ്രോണാചാര്യ’ പുരസ്കാരം ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ അധ്യാപിക ബിന്ദു നന്ദനക്ക് ലഭിച്ചു.

തിരുവനന്തപുരം ഗാന്ധി ഭവനിൽ വച്ച് നടന്ന ചടങ്ങിൽ മുൻ എം. പി. പന്ന്യൻ രവീന്ദ്രൻ പുരസ്കാര വിതരണം നിർവഹിച്ചു.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഹമ്മദ് ഉബൈദ് പൊന്നാട അണിയിച്ച് ആദരിച്ചു.




*പന്ന്യൻ രവീന്ദ്രനിൽ നിന്നും ബിന്ദു നന്ദന പുരസ്കാരം ഏറ്റുവാങ്ങുന്നു*

അധ്യാപന രംഗത്തെ മികവുറ്റ പ്രവർത്തനങ്ങളാണ് ബിന്ദു നന്ദനയെ പുരസ്കാരത്തിന് അർഹയാക്കിയത്.മദ്യവർജന സമിതി സംസ്ഥാന സെക്രട്ടറി റസൽ സബർമതി, പ്രസിഡന്റ് എം.റസീഫ്,കവി കാര്യവട്ടം ശ്രീകണ്ഠൻ നായർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ദിവംഗതയായി

**ജ്യോതിപുരം:** ആദ്യകാല ഗുരുഭക്തയായ നെല്ലിക്കാട് ‘ശ്രീനിലയ’ത്തിൽ പങ്കജാക്ഷി അമ്മ (98) സെപ്റ്റംബർ 14ന് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് ദിവംഗതനായ കെ ഗംഗാധരൻ.

മക്കൾ : സഹദേവൻ ജി., പ്രഭാകരൻ ജി, സുലോചന പി, വിജയകുമാരി പി, രവീന്ദ്രൻ ജി, ദിവംഗതരായ ഫൽഗുനൻ ജി, മാധവൻ ജി.

മരുമക്കൾ : ലളിത, ഇന്ദിര സി, രാജു കെ.വി, കുമാരി പി.കെ, ദിവംഗതരായ ലീല.ടി, സുമ എസ്, വിജയൻ.



*പങ്കജാക്ഷി അമ്മ*

# 6000 പേർക്ക് 60 ലക്ഷം രൂപയുടെ ഓണ സമ്മാനവുമായി വി. കെ. എൽ ഗ്രൂപ്പ്

**ചേർത്തല:** കേരളത്തിലെ വിവിധ ജില്ലകളിലുള്ള നിർധനരും നിരാലംബരും രോഗികളുമായ 6000 പേർക്ക് ഓണക്കിറ്റുകൾ നൽകി ബഹറിൻ ആസ്ഥാനമായ വി. കെ. എൽ ഗ്രൂപ്പ്. ചേർത്തല താലൂക്കിന്റെ വിതരണ ഉദ്ഘാടനം അരീപ്പറമ്പ് പട്ടിക ജാതി പട്ടിക വർഗ്ഗ സൊസൈറ്റിയിൽ ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി നിർവഹിച്ചു. തുടർന്ന് മരത്തൂർവട്ടം പൗർണ്ണമി ഓഡിറ്റോറിയം, കണ്ടമംഗലം എച്ച് എസ് എസ് ഓഡിറ്റോറിയം, പടിഞ്ഞാറെ കൊട്ടാരം ക്ഷേത്ര ഓഡിറ്റോറിയം എന്നിവിടങ്ങളിലും ഓണക്കിറ്റുകൾ വിതരണം ചെയ്തു. ശാന്തിഗിരി ഷോപ്പിംഗ് മാൾ, ചന്ദിരൂർ ഷോപ്പിംഗ് സെന്റർ എന്നിവിടങ്ങളിൽ നിന്നുമാണ് കിറ്റിലേക്കുള്ള ആശ്രമ ഉൽപ്പന്നങ്ങളും നിത്യോപയോഗ സാധനങ്ങളും വാങ്ങിയത്. വി കെ എൽ കമ്പനി ഡയറക്ടർ ഷാജി കെ മാത്യു അധ്യക്ഷനായി. കണ്ടമംഗലം ഹയർ സെക്കൻഡറി സ്കൂൾ മാനേജർ കെ ഷാജി,അനൂപ് ടി പി, പി ജി രവീന്ദ്രൻ, റെജി പുരോഗതി, സി വിസതീശൻ, രാംദാസ്, രാജൻ പിള്ള തുടങ്ങിയവർ സംസാരിച്ചു.



*സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുന്നു*



കാഞ്ഞാംപാറ 'നിത്യസുഖ'ത്തിൽ പി.പി രാമകൃഷ്ണന്റെയും സി.ലീലാവതിയുടെയും മകൻ ഡോ. ആർ പ്രദീപനും കോഴിക്കോട് കക്കോടി 'ശാന്തിദീപ'ത്തിൽ എം രവീന്ദ്രന്റെയും സുധാ രവീന്ദ്രന്റെയും മകൾ ശരണ്യയും ആഗസ്റ്റ് 26 ന് ശാന്തിഗിരി ആശ്രമത്തിൽവെച്ച് വിവാഹിതരായി.


ഗുരുചരണം ശരണം

**സമ്പൂർണ്ണ ഗുരുവാണി**

**ഒന്നാംവാല്യം പൂർണ്ണകുംഭമേളയ്ക്ക് പ്രസിദ്ധീകരിക്കുന്നു**

**മുഖവില 700 രൂപ – കുംഭമേള ദിവസം 500 രൂപയ്ക്ക് പുസ്തകം ലഭിക്കും**

**ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിൽ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു**








*ഫിലാറ്റലി ക്ലബ്ബ് തെലുങ്കാന സ്പീക്കർ പി.ശ്രീനിവാസറെഡ്ഡി ഉദ്ഘാടനം ചെയ്യുന്നു*

# ശാന്തിഗിരി വിദ്യാഭവനിൽ ഫിലാറ്റലി ക്ലബ്ബ് ആരംഭിച്ചു

**എജ്യുക്കേഷൻ സോൺ:** തപാൽ വകുപ്പിന്റെ സഹകരണത്തോടെ ശാന്തിഗിരി വിദ്യാഭവനിൽ ഫിലാറ്റലി ക്ലബ്ബ് ആരംഭിച്ചു. സ്റ്റാമ്പ് ശേഖരണം, തപാൽ വകുപ്പുമായി ബന്ധപ്പെട്ടു നടക്കുന്ന വിവിധ മത്സരങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, സിമ്പോസിയങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളിൽ ഫിലാറ്റലി ക്ലബ്ബ് അംഗങ്ങൾക്ക് പങ്കെടുക്കാം. ക്ലബ്ബിന്റെ ഉദ്ഘാടനം തെലങ്കാന സ്പീക്കർ പി.ശ്രീനിവാസ റെഡ്ഡി നിർവ്വഹിച്ചു.

സുപ്രണ്ടന്റ് ഓഫ് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് സുരേഖ് രഘുനാഥ് കുട്ടികൾക്ക് ഫിലാറ്റലി കിറ്റ് വിതരണം ചെയ്തു. ആശ്രമം പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി തുടങ്ങിയവർ പങ്കെടുത്തു.



*വെള്ളായണി കാർഷിക കോളേജ് വിദ്യാർത്ഥികൾ ശാന്തിഗിരി ആശ്രമം അഗ്രിക്കൾച്ചർസോൺ സന്ദർശിച്ചപ്പോൾ*

# ശാന്തിഗിരിയിലെ ഔഷധസസ്യകൃഷി പഠിക്കാൻ വെള്ളായണിയിലെ കൃഷി വിദ്യാർത്ഥികൾ

**ശാന്തിഗിരി മീഡിയറിലേഷൻസ്**

**അഗ്രിക്കൾച്ചർസോൺ :** ശാന്തിഗിരികുന്നിലെ ഔഷധസസ്യങ്ങൾ ഇടതൂർന്ന് നിൽക്കുന്ന ഹരിതാഭയിലൂടെ നടക്കുമ്പോൾ അവർ ഒരു പുത്തൻ അനുഭവം ആസ്വദിക്കുകയായിരുന്നു. കാർഷിക വിദ്യാർത്ഥികൾ എന്ന നിലയിൽ കഴിഞ്ഞ നാലുവർഷം അവർ കണ്ടതും പഠിച്ചതുമായ കാർഷിക വിളകളിൽ നിന്നും വ്യത്യസ്തമായിരുന്നു ഇവിടെ കണ്ട ഔഷധ ചെടികളുടെ കൃഷിരീതിയും ധാരാളിമയും. ഗ്രാമീണകാർഷിക പ്രവർത്തനങ്ങൾ നേരിട്ട് പഠിക്കുന്നതിനായി വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗത്തിൽ നിന്നെത്തിയ വിദ്യാർത്ഥികൾ ശാന്തിഗിരിയിലെ ഔഷധവിളകളും അവയുടെ പ്രത്യേകതയും ഒന്നൊന്നായി അറിഞ്ഞു.

ഒരു സർക്കാർ ഇതര സന്നദ്ധസംഘടന എന്ന നിലയിൽ ആശ്രമത്തിലെ ചട്ടങ്ങൾ, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനം, ജലസംരക്ഷണം, പ്രത്യേകിച്ച് കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയവ പഠിക്കുന്നതിനായാണ് വെള്ളായണി കാർഷിക കോളേജിലെ കുട്ടികൾ ശാന്തിഗിരിയിൽ എത്തിയത്. വിദ്യാർത്ഥികൾക്ക് സ്വാമി ജനനന്മ ജ്ഞാനതപസ്വി ആശ്രമത്തെക്കുറിച്ചുള്ള പൊതു വിവരം നൽകി. സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, ഡി. പ്രദീപ് കുമാർ, ഡോ.കെ ആർ എസ് നായർ, ടി.കെ ഉണ്ണികൃഷ്ണപ്രസാദ്, ഡോ. അനിതാ ചന്ദ്രൻ. സി, ഡോ.ബേല.ജി.കെ, ശാന്തിഗിരി പബ്ലിക്റിലേഷൻസ് അസി.ജനറൽ മാനേജർ എം.പി.പ്രമോദ്, സിദ്ധകോളേജ് ബോട്ടണിവിഭാഗം അസി.പ്രൊഫസർ ബി.പി.സിന്ധു, എം. ഗോപകുമാർ, സുനിൽ കുമാർ ബി എന്നിവരും കുട്ടികൾക്ക് വിവരങ്ങൾ കൈമാറി.


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala